Back　　　　　　　　**March 1999**

## BIOLOGY AND HEALTH SCIENCE

*Maximum : 50 marks*　　　　　　*Time : 2 Hours*

*[1 മുതൽ 8 വരെ ചോദ്യങ്ങൾ അവയുടെ അവസാനം കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ഏറ്റവും ഉചിതമായവ തെരഞ്ഞെടുത്ത് ചോദ്യനമ്പരിനു നേരെ എഴുതുക.]*

---

1. വൃക്കാനാളികളിൽ നിന്നും രക്തത്തിലേക്കുള്ള ജലത്തിന്റെ പുനരാഗിരണത്തിന് സഹായിക്കുന്ന ഹോർമോൺ ................. ആണ്. ½
[പാരാതെർമോൺ; സൊമാറ്റോസ്റ്റാറ്റിൻ; സെറോടോണിൻ; വാസാപ്രസിൻ]

ഉത്തരം

2. തലയ്ക്കേറ്റ ക്ഷതം മൂലം ഒരാളുടെ ഹൈപോതലാമസ് തകരാറിലായി. ഇത് അയാളുടെ...................... കഴിവിനെ ബാധിക്കും. ½
[ശരിയായ ശ്വസനത്തിനുള്ള ; വേദന അറിയുന്നതിനുള്ള; ശരീരത്തിന്റെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള; ശരീരത്തിന്റെ തുലനാവസ്ഥ പാലിക്കുന്നതിനുള്ള]

ഉത്തരം

3. ഒരു കുട്ടിയുടെ കണ്ണിൽ പ്രകാശരശ്മികൾ കേന്ദ്രീകരിച്ച് പ്രതിബിംബം രൂപപ്പെടുത്തുന്നത് റെറ്റിനയുടെ മുമ്പിലാണ്. ഈ ദൃഷ്ടി വൈകല്യം .......... ഉപയോഗിക്കുന്നതിലൂടെ പരിഹരിക്കാവുന്നതാണ്. ½
[കോൺവെക്സ് ലെൻസ്; കോൺകേവ് ലെൻസ്; സിലിണ്ട്രിക്കൽ ലെൻസ്; ബൈകോൺവെക്സ് ലെൻസ്]

ഉത്തരം

4. ആകസ്മികമായുണ്ടാകുന്നതും പാരമ്പര്യമായി പ്രേക്ഷണം ചെയ്യാവുന്നതുമായ മാറ്റങ്ങൾ ഉണ്ടാകുന്നതിനുകാരണം .......... ആയിരിക്കാം. ½
[പ്രകൃതി നിർദ്ധാരണം; ഉൽപരിവർത്തനം; സ്വയാർജ്ജിതസ്വഭാവങ്ങൾ; സ്വതജനനം]

ഉത്തരം

5. ഒരു രോഗിക്ക് എളുപ്പം ഉറങ്ങുവാനായി താഴെപറയുന്നവയിൽ ഏത് ഔഷധമായിരിക്കാം ഡോക്ടർമാർ നിർദ്ദേശിക്കുക ? ½
[ബൻസിഡ്രിൻ; മാൻഡ്രാക്സ്; മോർഫിൻ; കറുപ്പ്]

ഉത്തരം

6. ദുധവൻ ദേശീയ പാർക്കിൽ മുഖ്യമായും സംരക്ഷിക്കപ്പെടുന്നത് .......... ആണ്. ½
[സിംഹം; ജലപക്ഷികൾ; കടുവ; കാണ്ടാമൃഗം]

ഉത്തരം

7. ആവാസവ്യവസ്ഥയിലെ .......... ചക്രത്തിൽ റൈസോബിയം ബാക്ടീരിയകൾക്ക് ഒരു പ്രധാന പങ്കുണ്ട്. ½
[കാർബൺ; നൈട്രജൻ; ഓക്സിജൻ; ജല]

ഉത്തരം

8. അണുവികിരണം ഉപയോഗിച്ച് വികസിപ്പിക്കാവുന്ന ഒരു രോഗമാണ് .......... ½
[ എയ്ഡ്സ്; അർബ്ബുദം; മഞ്ഞപ്പിത്തം; തിമിരം ]

ഉത്തരം

**[9 മുതൽ 14 വരെ അപൂർണ്ണ പ്രസ്താവനകൾ ഉചിതമായ രീതിയിൽ പൂരിപ്പിക്കുവാൻ ശരിയായ വാക്കോ, വാക്കുകളോ എഴുതുക.]**

9. ഒരാളുടെ കണ്ണുകൾ ചാരനിറത്തിൽ കാണപ്പെടുന്നു അയാളുടെ കണ്ണിലെ ഐറിസിൽ ......... എന്ന വർണ്ണ കണങ്ങൾ കുറഞ്ഞിരിക്കുന്നതാണ് ഇതിനു കാരണം. ½

ഉത്തരം

10. മോർഫിനെപ്പോലുള്ള വേദനസംഹാരികൾ മസ്തിഷ്ക്കത്തിലെ .......... എന്ന ഭാഗത്തു പ്രവർത്തിച്ചാണ് വേദനയ്ക്കു ശമനമുണ്ടാകുന്നത്. ½

ഉത്തരം

11. ഒരു പച്ചിലയിൽ 5000 കി. കലോറി സൗരോർജ്ജം പതിച്ചാൽ അതിൽ .......... കി. കലോറി അതു നിർമ്മിക്കുന്ന ആഹാരത്തിൽ സംഭരിക്കപ്പെടുന്നു. ½

ഉത്തരം

12. കുഞ്ഞുങ്ങൾക്ക് ബി.സി.ജി. വാക്സിനേഷൻ നൽകുന്നത് .......... രോഗബാധ തടയുന്നതിനാണ്. ½

ഉത്തരം

13. വെസ്റ്റിബ്യൂളിൽ കാണപ്പെടുന്ന ചുണ്ണാമ്പുകല്ലിന്റെ തരികളെ ..........എന്നു പറയുന്നു. ½

ഉത്തരം

14. ശരീരത്തിലെ ലവണജല തുലനാവസ്ഥ നിയന്ത്രിക്കുന്നതിന് സഹായിക്കുന്ന ഹോർമോണാണ് .......... ½

ഉത്തരം

(A വിഭാഗത്തിൽ കൊടുത്തിട്ടുള്ളവയിൽ ഓരോന്നിനും ഏറ്റവും അനുയോജ്യമായത് B വിഭാഗത്തിൽനിന്നും തെരഞ്ഞെടുത്ത് അതാതിനു നേരെ എഴുതുക ) 3

15.

| A | B |
|---|---|
| (a) ഡീവ്രീസ് | (i) രാസചികിത്സ നിർദ്ദേശിച്ചു |
| (b) ലൂയിപാസ്ചർ | (ii) പെനിസിലിൻ കണ്ടുപിടിച്ചു. |
| (c) പോൾ എർലിക് | (iii) ഹോമിയെപ്പതി വികസിപ്പിച്ചു. |
| (d) അലക്സാണ്ടർ ഫ്ളമിംഗ് | (iv) പ്രകൃതി നിർദ്ധാരണ സിദ്ധാന്തം ആവിഷ്കരിച്ചു. |
| (e) സാമുവൽ ഹനിമാൻ | (v) ഉൽപ്പരിവർത്തന സിദ്ധാന്തം ആവിഷ്കരിച്ചു. |
| (f) സ്റ്റാൻലി മില്ലർ | (vi) സ്വതജനന സിദ്ധാന്തം തെറ്റാണെന്ന് തെളിയിച്ചു |
| | (vii) അമിനാമ്ലങ്ങൾ സംശ്ലേഷണം ചെയ്തു. |

ഉത്തരം

[ചോദ്യം **16** മുതൽ **29** വരെ ഓരോന്നിനും ഒന്നോ, രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക.]

16. മൂങ്ങകൾക്ക് പകൽ പ്രകാശത്തിൽ കാഴ്ചയില്ല. എന്താണ് കാരണം ? 1

ഉത്തരം

17. വിവേചനരഹിതമായി ക്ളോറാംഫെനിക്കോൾ ഉപയോഗിക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും എങ്ങനെ ? 1

ഉത്തരം

18. നാം ഒരിക്കൽ ഉപയോഗിക്കാവുന്ന തരം സിറിഞ്ചുകളും സൂചികളും കൊണ്ടു വേണം കുത്തിവയ്ക്കാൻ. എന്തുകൊണ്ട് ? 1

ഉത്തരം

19. മോട്ടാർ വാഹനങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന പുക നമുക്ക് വളരെ ദോഷകരമാണ്. എങ്ങനെ ? 1

ഉത്തരം

20. സെറിബ്രൽ ത്രോംബോസിസും സെറിബ്രൽ ഹെമറേജും തമ്മിലുള്ള വ്യത്യാസമെന്ത്?1

ഉത്തരം

21. ആൺനിശാ ശലഭങ്ങൾക്ക് വളരെ അകലെ നിന്നു പോലും പെൺനിശാ ശലഭങ്ങളുടെ സാന്നിദ്ധ്യം ഗ്രഹിക്കാൻ കഴിയുന്നു. എങ്ങനെ ? 1

ഉത്തരം

22. പൂർവ്വിക സ്വഭാവങ്ങളുടെ പുനരാവർത്തനമെന്ത് ? 1

ഉത്തരം

23. മന്തുരോഗികളളുടെ കൈകാലുകൾ തടിച്ചു വീർക്കുന്നു. കാരണമെന്ത് ? 1

ഉത്തരം

24. ചുവന്ന വിവരങ്ങളുടെ പുസ്തകം എന്നാലെന്ത് ? 1

ഉത്തരം

25. മരച്ചീനി തിന്നുകൊണ്ടിരുന്ന എലിയെ ഒരു പാമ്പ് വിഴുങ്ങി. ആ പാമ്പിനെ പിന്നീട് ഒരു പരുന്ത് കൊത്തി തിന്നു. ഈ ഭക്ഷ്യശൃംഖലയിൽ രണ്ടാം ട്രോഫിക തലത്തിലുളള ജീവി ഏത്? ദ്വിതീയ ഉപഭോക്താവ് ഏത്? 1

ഉത്തരം

26. അസ്ട്രേലോ പിത്തിക്കൈൻസ് ആധുനിക മനുഷ്യന്റെ പൂർവ്വികരായി കണക്കാക്കപ്പെടുന്നു. കാരണമെന്ത് ? 1

ഉത്തരം

27. തേങ്ങവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ഹോർമോൺ ഏത്? അതിന്റെ ധർമ്മമെന്ത്? 1

ഉത്തരം

28. നാം വയലിൽ നൈട്രജൻ വളം ചേർക്കാതിരുന്നാലും നെൽച്ചെടികൾക്ക് നൈട്രജൻ സംയുക്തങ്ങളുടെ അപര്യാപ്തത അനുഭവപ്പെടുന്നില്ല. എന്തുകൊണ്ട് ? 1

ഉത്തരം

29. നദികളിൽ ജൈവമാലിന്യങ്ങളിൽ അടിഞ്ഞുകൂടുന്നതു മൂലം മത്സ്യങ്ങളിൽ കൂട്ടത്തോടെ ചാകുന്നു. ഇതെങ്ങനെ സംഭവിക്കുന്നു ? 1

ഉത്തരം

**[ചോദ്യം 30 മുതൽ 37 വരെ ഓരോന്നിനും നാലു വാക്യത്തിൽ കവിയാതെ ഉത്തരം എഴുതുക.]**

30. നമ്മൾ ഒരു വനത്തിലെ മാനുകളെ മുഴുവൻ കൊന്നൊടുക്കിയാൽ ഇത് ആവാസവ്യവസ്ഥയെ എങ്ങനെ ബാധിക്കും ? 2

ഉത്തരം

31. ഒരു സിക്കിൽ സെൽ അനീമിയ രോഗിയെ ഒരു ഹീമോഫീലിയ രോഗിയിൽ നിന്നും എങ്ങനെ തിരിച്ചറിയാം ? 2

ഉത്തരം

32. ശബ്ദമലിനീകരണം എന്നാലെന്ത്? നമ്മുടെ ആരോഗ്യത്തെ ഇത് എങ്ങനെ ബാധിക്കും?

ഉത്തരം 2

33. ജീവികൾ അമിതമായി സന്താനങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും അവയുടെ അംഗസംഖ്യ ഏതാണ്ട് സ്ഥിരമായി നിൽക്കുന്നു. എങ്ങനെ? 2

ഉത്തരം

34. പാരാതെർമോണിന്റെ അമിതോല്പ്പാദനം ശരീരത്തിന് എങ്ങനെ ദോഷകരമാണ്? 2

ഉത്തരം

35. കണ്ണിനു ക്ലേശം കൂടാതെ ടി.വി. കാണുന്നതിന് എന്തെല്ലാം മുൻകരുതലെടുക്കണം? 2

ഉത്തരം

36. ഒരു റിഫ്ളക്സ് ആർക്ക് എന്നാലെന്ത് ? അതിന്റെ ഭാഗങ്ങളേവ ? 2

ഉത്തരം

37. രക്തനിവേശനത്തിനു മുമ്പ് ദാതാവിന്റേയും സ്വീകർത്താവിന്റേയും രക്തഗ്രൂപ്പുകൾ നിർണ്ണയിക്കേണ്ടതിന്റെ ആവശ്യകതയെന്ത് ? 2

ഉത്തരം

38. ശരീര ധർമ്മ ശാസ്ത്രം, ജൈവരസതന്ത്രം എന്നിവയുടെ താരതമ്യ പഠനത്തിൽ നിന്നും ജീവപരിണാമത്തിനുപോൽബലകമായ ഏതെങ്കിലും ആറു തെളിവുകൾ എഴുതുക? 3

ഉത്തരം

39. മനുഷ്യനിലെ സെറിബ്രം സെറിബല്ലത്തിൽ നിന്നും അതിന്റെ ധർമ്മത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? 3

ഉത്തരം

40. മനുഷ്യ കർണ്ണത്തിന്റെ ഘടന കാണിക്കുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുക. 4

(a) ശ്രവണനാളം
(b) യുസ്റ്റേക്കിനാളി
(c) കർണ്ണപടം
(d) മാലിയസ്
(e) സ്റ്റേപിസ്
(f) കോക്ലിയ

ഉത്തരം

-----------------

up